(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് കെപ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതിക്കാരായ ഭവനരഹിതർ**

**324 (990)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപയാണ് ഇപ്പോൾ നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) തുക വർദ്ധിപ്പിക്കുമെങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപാ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ നാലര ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപാ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിയിലെ അതിദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ആകെ 7.25 ലക്ഷം രൂപ ഇപ്പോൾ നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത് പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000 രൂപയും മുനിസിപ്പാലിറ്റികളിൽ 90,000 രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു.

പട്ടികജാതിയിലെ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായം 1.25 ലക്ഷമായിരുന്നു.

(സി&ഡി) ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുക്കുമ്പോൾ ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 ആഗസ്റ്റിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം ഒന്നര ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന് മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിരുന്നു. 2014 ഒക്ടോബറിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3.75 ലക്ഷം, 4.50 ലക്ഷം, 6 ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവരുന്ന ധനസഹായം 2012 ഫെബ്രുവരിയിൽ 1.25 ലക്ഷത്തിൽ നിന്നും 2.5 ലക്ഷമായും തുടർന്ന് 2014 ഒക്ടോബറിൽ 3.75 ലക്ഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. വീട് നിർമ്മിക്കുന്നതിന് 3.50 ലക്ഷം രൂപയും ചേർത്ത് ഈ വിഭാഗത്തിന് ഇപ്പോൾ 7.25 ലക്ഷം രൂപ നൽകുന്നുണ്ട്. ഇനിയും വർദ്ധനവ് വരുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly